# പതിമൂന്നാം കേരളനിയമസഭ

# ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.837 — 12.12.2012 ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിത ബാധിതരും മെഡിക്കൽ ക്യാമ്പും

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ): | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത ബാധിതരെ കണ്ടെത്തുന്നതിന് കാസർഗോഡ് ജില്ലയിൽ എത്ര മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട് ; | (എ) | 29 മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ ഉൾപ്പെട്ട എത്രപേരെ കണ്ടെത്തിയിട്ടുണ്ട്, കാറ്റഗറി അനുസരിച്ച് വിശദമായ കണക്ക് വ്യക്തമാക്കാമോ; | (ബി) | 2011 മാർച്ച് വരെ നടത്തിയ മെഡിക്കൽ ക്യാമ്പുകളിലായി 4182 രോഗികളെ കണ്ടെത്തിയിട്ടുണ്ട്. മൂന്ന് കാറ്റഗറികളായിട്ടാണ് പട്ടിക തരം തിരിച്ചിരുന്നത്.<br>കാറ്റഗറി 1 – കിടപ്പിലായവർ - 514 പേർ<br>കാറ്റഗറി 2 – കിടപ്പിലല്ല എങ്കിലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമുള്ളവർ - 1939 പേർ<br>കാറ്റഗറി 3 – മറ്റുള്ളവർ - 1729 പേർ<br>ഇതിനുപുറമെ 2011 ആഗസ്റ്റ്മാസം നടത്തിയ ക്യാമ്പുകളിൽ പങ്കെടുത്തവരിൽ നിന്നും അർഹരായിട്ടുള്ള 698 പേരെ കണ്ടെത്തിയിട്ടുണ്ട്. അവരുടെ രോഗാവസ്ഥ കണക്കാക്കി പട്ടിക തരം തിരിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. 2011 ഡിസംബർ മാസം നടത്തിയ ക്യാമ്പിൽ പങ്കെടുത്തവരിൽ നിന്നും അർഹരായവരെ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല. |
| (സി) | കേന്ദ്ര മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച നഷ്ടപരിഹാര തുക ഈ ലിസ്റ്റിലുള്ള എല്ലാവർക്കും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>വിശദാംശങ്ങൾ നൽകുമോ; | (സി)<br>&<br>(ഡി) | പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മറ്റു ശാരീരിക വൈകല്യമുള്ളവർക്കും പ്രത്യേക ധനസഹായം നൽകുന്നതിനുള്ള ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശ പ്രകാരം അർഹരായവർക്ക് ധനസഹായം ലഭ്യമാക്കുന്നതിന് വേണ്ടി |

| | | |
|---|---|---|
| (ഡി) | ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ? | നിലവിലുള്ള 4182 പേരുടെ പട്ടികയിൽപെട്ടവരിൽ നിന്ന് താഴെ പറയുന്ന വിഭാഗങ്ങളെ പ്രത്യേകം തരം തിരിച്ചിട്ടുണ്ട്.<br>1) പൂർണ്ണമായും കിടപ്പിലായവർ - 185<br>2) ബുദ്ധിമാന്ദ്യം സംഭവിച്ചവർ - 796<br>3) മറ്റ് ശാരീരിക വൈകല്യമുള്ളവർ - 632<br>ആകെ - 1613<br>4182 പേരുടെ പട്ടികയിൽ മേൽ വിഭാഗങ്ങളിൽ പെടാത്തവരായി ത്വക്ക് രോഗങ്ങൾ, വന്ധ്യത, കാൻസർ തുടങ്ങിയ വിഭാഗങ്ങളിലുള്ളവരും ഉൾപ്പെട്ടിട്ടുണ്ട്. 4182 പേരുടെ പട്ടികയിൽ ഉൾപ്പെട്ട ജില്ലയിലെ 11 ദുരിതബാധിത പഞ്ചായത്തുകൾക്ക് പുറത്തുള്ള രോഗികളെ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഉള്ള കാറ്റഗറികളിലായി പട്ടികപ്പെടുത്തിയിട്ടില്ല.<br>മേൽ പട്ടികയിൽ നിന്ന് പൂർണ്ണമായും കിടപ്പിലായ 101 പേർക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ധനസഹായത്തിന്റെ ആദ്യഗഡുവായ 1.5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കൂടാതെ പൂർണ്ണമായും കിടപ്പിലായ 84 പേർ, ബുദ്ധിമാന്ദ്യം സംഭവിച്ച 796 പേർ, ശാരീരിക വൈകല്യമുള്ള 632 പേർ എന്നിവർക്ക് കൂടി നഷ്ടപരിഹാരം നൽകാൻ ഇപ്പോൾ ഉത്തരവായിട്ടുണ്ട്. തുക വിതരണം ഈ മാസം തന്നെ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മറ്റ് വൈകല്യങ്ങൾ ഉള്ളവർക്കും ധനസഹായം നൽകുന്ന തിനാണ് മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിരുന്നത്. നിലവിലുള്ള ലിസ്റ്റിൽ മേൽ കാറ്റഗറികളിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം വിതരണം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ